# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4330** **12-11-2019-ൽ മറുപടിക്ക്**

**ടൂറിസം സംസ്കാരം കെട്ടിപ്പടുക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മികച്ച ടൂറിസം സംസ്കാരം കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മികച്ച ടൂറിസം സംസ്കാരം കെട്ടിപ്പെടുക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനും ഇതിലൂടെ ടൂറിസ്റ്റുകൾക്ക് സുരക്ഷിതത്വവും വൃത്തിയും, ശുചിത്വമുള്ളതുമായ വിനോദ സഞ്ചാരം അനുഭവവേദ്യമാക്കുന്നതിനും വേണ്ടി ഈ സർക്കാർ പുതിയ ടൂറിസം നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും, വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവയാണ് പുതിയ ടൂറിസം നയത്തിലൂടെ ലക്ഷ്യമിടുന്നത്. ടൂറിസം വികസനത്തിന്റെ ഗുണഫലം |

| | | | |
|---|---|---|---|
| | | | സാധാരണക്കാർക്കു കൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ടൂറിസം മേഖലയിൽ വിവിധ സേവനങ്ങൾ നൽകുന്നതിനായും, സംരംഭ മേഖലയിൽ സംരംഭകരടക്കം വിവിധ സേവനങ്ങൾ നൽകുന്നതിനും കുടുംബശ്രീ മിഷൻ, ആർ.റ്റി.മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വൃത്തിയും ശുചിത്വവുമുള്ള പരിസരം, അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ് ലെറ്റുകൾ, ശുദ്ധജല ലഭ്യത, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക സജ്ജീകരണങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ, പാർക്കുകൾ, ടോയിലെറ്റ്, കോംപ്ലെക്സുകൾ, കഫറ്റീരിയ, മനോഹരമായ നടപ്പാതകൾ, ഫെസിലിറ്റേഷൻ സെൻറർ, കുട്ടികളുടെ പാർക്ക്, വിശ്രമസ്ഥലങ്ങൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവൽക്കരണം എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു. ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ബാരിയർ ഫ്രീ ടൂറിസം പദ്ധതി" വകുപ്പ് നടപ്പിലാക്കി വരികയാണ്. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനായുള്ള വിവിധ പദ്ധതികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉയർന്ന ശുചിത്വവും ഹരിതപ്രോട്ടോക്കോളും പാലിച്ച് ടൂറിസം പദ്ധതികൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | ശുചിത്വത്തിന് മുൻതൂക്കം നൽകി തന്നെയാണ്, ടൂറിസം വകുപ്പ് ഓരോ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടം ഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ട് വരുന്നത്. ഹരിത പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ ഒരു പരിധി വരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവു കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടം ഘട്ടമായി മൂന്നുവർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട വിഷയമാണെങ്കിലും കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യസംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചു കൊണ്ടാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യസംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള 'ഗ്രീൻ കാർപ്പറ്റ് സ്കീം' കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജന പ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് വകുപ്പ് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം |

| | | | |
|---|---|---|---|
| | | | ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ. യെ ഉപയോഗപ്പെടുത്തി ചെയ്യുന്ന തുടർ മാലിന്യ നിർമ്മാർജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേയ്സ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | ടൂറിസം മേഖലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള അതിഥി മന്ദിരങ്ങളിലെ ശുചിത്വപരിപാലനം കാര്യക്ഷമമാണെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ടൂറിസം വകുപ്പിന് കീഴിലുള്ള സർക്കാർ അതിഥി മന്ദിരങ്ങളിലെ ശുചിത്വ പരിപാലനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി അതിഥി മന്ദിരങ്ങളിൽ സ്വീപ്പർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ടൂറിസം വളർച്ചയ്ക്കായി പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 520 ഓളം പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്, ധർമ്മടം- മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി, മുസിരിസ് ബിനാലെയ്ക്ക് സ്ഥിരം വേദിയ്ക്കായി സ്ഥലം ഏറ്റെടുക്കൽ എന്നീ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**